
# തീരനിയമം മറികടന്ന് വീണ്ടും ഫ്ളോട്ടിങ്ങ് റെസ്റ്റോറന്റ്

**സ്വന്തം ലേഖകൻ**



കൊച്ചി : മറൈൻ ഡ്രൈവിൽ ജി. സി. ഡി. എ ഷോപ്പിങ്ങ് കോപ്ലക്സിനു മുന്നിലായി കായലിൽ പ്രവർത്തിച്ചിരുന്ന എൻഷ്യന്റ് മറൈനർ എന്ന ഫ്ലോട്ടിങ്ങ് റസ്റ്റോറന്റ് വീണ്ടും തുറക്കാൻ നീക്കം. ഇതിന്റെ ഭാഗമായി പോർട്ട് ട്രസ്റ്റ് ചില വ്യവസ്ഥകളോടെ എൻഷ്യന്റ് മറൈനറിന് അനുമതി നൽകിക്കഴിഞ്ഞു.

കായൽ മലിനീകരിക്കുന്നുവെന്നും തീരസംരക്ഷണ നിയമം മറികടന്നു എന്നുമുള്ള പരാതികൾ നിലനിൽക്കെ ഒരു വർഷം മുമ്പ് ബലക്ഷയം കണക്കിലെടുത്ത് പോർട്ട് ട്രസ്റ്റ് അധികാരികൾ റസ്റ്റോറന്റിനുള്ള ലൈസൻസ് പിൻവലിക്കുകയായിരുന്നു.

ഏകദേശം പത്തുവർഷങ്ങൾക്കു മുമ്പാണ് എറണാകുളത്തെ വൻ വ്യവസായിയായിരുന്ന സർക്കാർ മുഹമ്മദിന്റെ മകൻ സാലിക്ക് ഫ്ലോട്ടിങ്ങ് റസ്റ്റോറന്റ് ആരംഭിക്കാനായി പോർട്ട് അനുമതി നൽകിയത്. ജങ്കാറിൽ ആരംഭിച്ച റസ്റ്റോറന്റ് പിന്നീട് തെങ്ങിൻതടികൾ കായലിൽ കുത്തിനിറുത്തി അതിൻ മേലേയ്ക്ക് മാറ്റുകയായിരുന്നു. പോർട്ടിന്റെ വ്യവസ്ഥകളിൽ നിന്ന് വിരുദ്ധമായിട്ടായിരുന്നു ഇത്. പിന്നീട് തെങ്ങിൻകാലുകളിൽ നിന്ന് സ്ഥിരമായ കോൺക്രീറ്റ് കാലുകളിലേക്ക് ഇത് മാറി.

റസ്റ്റോറന്റിൽ നിന്നുള്ള ജൈവപ്ലാസ്റ്റിക് അവശിഷ്ടങ്ങൾ കായലിൽ തട്ടാൻ തുടങ്ങിയതോടെ റസ്റ്റോറന്റിനെതിരെ പരിസ്ഥിതി പ്രവർത്തകർ പരാതി നൽകിയിരുന്നു. എന്നാൽ പ്രൊപ്രൈറ്ററുടെ രാഷ്ട്രീയ സ്വാധീനം മൂലം ഇതിനെതിരെ പോർട്ടിന്റെ ഭാഗത്തുനിന്നും നടപടികളൊന്നും ഉണ്ടായില്ല. റസ്റ്റോറന്റ് കേന്ദ്രീകരിച്ച് മയക്കുമരുന്ന് കൈമാറ്റവും പെൺവാണിഭവും വരെ നടക്കുന്നുണ്ടെന്ന ആരോപണങ്ങൾ ഉയർന്നിരുന്നെങ്കിലും അതും അന്വേഷിക്കപ്പെട്ടില്ല.

ഒരു ബോട്ട് വന്നിടിച്ച് റസ്റ്റോറന്റെ ഒരു ഭാഗം തകർന്നതോടെ ബലക്ഷയമാരോപിച്ച് പോർട്ട് അധികൃതർ റസ്റ്റോറന്റ് അടച്ചുപൂട്ടിക്കുകയായിരുന്നു. കോൺഗ്രസ്സ് അനുഭാവിയായ സാലിക്ക് വേണ്ടി വയലാർ രവിയും പോർട്ടിലെ കോൺഗ്രസ്സ് അനുകൂലസംഘടനാ നേതാക്കളും രംഗത്തെത്തിയതോടെയാണ് ചെയർമാൻ വീണ്ടും റസ്റ്റോറന്റിന് അനുമതി നൽകിയിട്ടുള്ളത്.

തീരദേശത്തെ സംരക്ഷണ നിയമപ്രകാരം നിരത്തിൽനിന്നും 50 മീറ്റർ ഉള്ളിലേക്കു മാറിയേ സ്ഥിരനിർമ്മാണപ്രവർത്തനങ്ങൾ അനുവദിക്കൂ എന്നിരിക്കേ പോർട്ട് ഉത്തരവിന് സാധുതയില്ല. എന്നാൽ നിബന്ധനകൾ പാലിക്കാതെ സ്വാധീനമുപയോഗിച്ച് റസ്റ്റോറന്റ് തുറക്കാൻ തന്നെയാണ് ഉടമകളുടെ നീക്കമെന്നറിയുന്നു.

തീരദേശസംരക്ഷണനിയമം കാറ്റിൽ പറത്തിയാണ് പ്രസ്തുത റസ്റ്റോറന്റ് നിലനിന്നിരുന്നത്. സ്ഥിരനിർമ്മാണപ്രവർത്തനങ്ങൾ പാടില്ലെന്നും താൽക്കാലിക അടിത്തറയേ റസ്റ്റോറന്റിന് പാടുള്ളൂ എന്നും ഒഴുകുന്ന വെള്ളത്തെ തടയുകയോ മറ്റു വിധത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുകയോ ചെയ്യരുതെന്നും റസ്റ്റോറന്റിന് വീണ്ടും അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിൽ പറയുന്നുണ്ട്. തീരദേശസംരക്ഷണനിയമത്തിന് എതിരായേക്കാവുന്ന ഫ്ലോട്ടിങ്ങ് റസ്റ്റോറന്റിന് അനുമതി നൽകിയ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനാണ് ഈ നിബന്ധനകൾ ചേർത്തതെന്ന് പറയുന്നു. കോടികൾ വിലമതിക്കുന്ന മറൈൻഡ്രൈവിന്റെ കണ്ണായ സ്ഥലത്താണ് നിസ്സാരമായ ലൈസൻസ് ഫീസ് ഒടുക്കി റസ്റ്റോറന്റ് വീണ്ടും ആരംഭിക്കാൻ പോകുന്നത്.

## കായൽ കൈയേറിയത് ...ള്ളി അധികാരികളെന്ന് ആർ. ഡി. ഒ

കൊച്ചി: അമ്പത് സെന്റോളം വരുന്ന ഭൂമി നികത്തിയെടുത്തത് പച്ചാളം ചാത്ത്യാത്ത് പള്ളിയുടെ ഭാരവാഹികളാണെന്ന് ആർ. ഡി. ഒ. . കൊച്ചിൻ പോർട്ട് എസ്റ്റേറ്റ് വിഭാഗം ഡപ്യൂട്ടി സെക്രട്ടറിക്ക് കൈമാറിയ ക...ത്തിലാണ് (ഫയൽ നമ്പർ F-3239/2000(2))ആർ. ഡി. ഒ ഇക്കാര്യം പ...റഞ്ഞിരിക്കുന്നത്. എറണാകുളം വില്ലേജ് ഓഫീസർ നടത്തിയ അന്വേ...ഷണത്തിലാണ് ഇത് വെളിവായതെന്നും കത്തിൽ പറയുന്നുണ്ട്. കൈയേ...റിയ സ്ഥലം എത്രയും പെട്ടെന്ന് തിരിച്ചുപിടിക്കാനുള്ള നടപടികൾ ...ണമെന്നും കത്തിലുണ്ട്.

...ക്കർ കായൽ ചാത്ത്യത്ത്പള്ളി വളച്ചുകെട്ടുകയും ഇതിനെക്കുറി... കേസ് നിലനിൽക്കുന്നതിനിടയിൽ വളച്ചുകെട്ടിയ ഭൂമിയിലെ അമ്പതിൽപ്പരം സെന്റ് നികത്തിയെടുക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ഇത് ചെയ്തത് തങ്ങളല്ലായെന്നാണ് പള്ളി കോടതിയിൽ പറഞ്ഞിരുന്നത്. എന്നാൽ ഈ വാദം ഖണ്ഡിക്കുന്നതാണ് ആർ. ഡി. ഒ. യുടെ റിപ്പോർട്ട്. ചാത്യാത്ത്പള്ളിയും മനോരമ മാനേജിങ്ങ് ഡയറക്ടർ ഫിലിപ് മാത്യുവും ഉൾപ്പെട്ട വൻകായൽ കൈയേറ്റത്തെ കുറിച്ച് കേരളീയം കഴിഞ്ഞ ലക്കം(ലക്കം46) റിപ്പോർട്ട് ചെയ്തിരുന്നു.

1982 ഏപ്രിൽ 19ാം തീയ്യതി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളും പോർട്ട് ട്രസ്റ്റും തമ്മിലുള്ള കരാർ പ്രകാരം കായലിന്റെ ഉടമസ്ഥാവകാശം പോർട്ട് ട്രസ്റ്റിനാണ്. അതുകൊണ്ടുതന്നെ ഒഴിപ്പിക്കാനുള്ള നടപടികളെടുക്കേണ്ടതും പോർട്ടാണ്.